


# വാഗസി





## ലിറ്റിൽകൈറ്റ്സ് ക്ലബ്
## സെന്റ് തോമസ് ജി എച്ച് എസ്
## പുന്നത്തുറ

# എഡിറ്റോറിയൽ ബോർഡ്

## അംഗങ്ങൾ

- എലിസബത്ത് ജോർജ്
- അലീന ജോജി എബ്രാഹം
- സ്വാതി സുരേന്ദ്രൻ
- അലീന സാബു
- നീന മാത്യു
- നയന സുരേഷ്
- അഞ്ജന മരിയ റോയി
- അലോണ ബിജു



# എഡിറ്റോറിയൽ

സാമൂഹിക മാധ്യമങ്ങൾ നമ്മുടെ നിത്യജീവിതവുമായി വളരെ ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ്.
നമ്മുടെ ജീവിതത്തിൽ ഓരോ അവശ്യഘട്ടങ്ങൾക്കും മാധ്യമങ്ങൾ ഒഴിച്ചുക്കൂടാനാവാത്തതായി തീർന്നിരിക്കുന്നു.
സ്മാർട്ട് ക്ലാസുകളുടെ വരവോടുകൂടി ഒരോ വിദ്യാർത്ഥിയും മാധ്യമവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു.
പഠനമേഖലകളുമായി കുട്ടികളിൽ ഉണരുന്ന സംശയങ്ങൾ നിഷ്പ്രയാസം മനസ്സിലാക്കിക്കൊടുക്കാൻ കഴിയുന്ന ഒരു സ്ഥിതി വിശേഷം ഇപ്പോൾ സാമൂഹിക മാധ്യമങ്ങളുടെ ഒരു അംഗീകാരമാണ്. കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ മേഖലകളിൽ കുട്ടികൾ അതീവ തല്പരരും അവ അനായാസം കൈകാര്യം ചേയ്യുന്നവരുമായി തീർന്നിരിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കുന്ന ഒരു പ്രവർത്തനമാണ് ഡിജിറ്റൽ മാഗസിൻ.

വിദ്യാരംഗം കലാസാഹിത്യ വേദിയിലെ അംഗങ്ങളും , ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും ഒരുമിച്ച് സഹകരിച്ച് നിർമ്മിച്ചതാണീ ഡിജിറ്റൽ മാഗസിൻ. എല്ലാ

ക്ലാസുകളേയും വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ച കഥകൾ, കവിതകൾ, അനുഭവക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ പഴഞ്ചൊല്ലുകൾ തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അനുഭവത്തിന്റെ ലോകത്തുനിന്നും വൈവിധ്യത്തിന്റെ ലോകത്തേക്ക് എല്ലാവരേയും കൂട്ടിക്കൊണ്ടുപോയി മനസ്സിന്റെ ആഴങ്ങളിൽ പതിയത്തക്കരീതിയിലുള്ള ഒന്നാണ് 'വാഗസി'.

വാക്കാകുന്ന വാൾ എന്ന അർത്ഥംപ്രദാനം ചെയ്യുന്ന ഈ മാഗസിൻ എല്ലാ വായനക്കാരുടെയും മുൻപിൽ സമർപ്പിക്കട്ടെ.

എന്ന്

എഡിറ്റർ

# *MANAGER'S MESSAGE*

-

*I am happy to know that Little Kites of St. Thomas G. H. S is publishing a Digital Magazine prepared by themselves . Hearty congratulations to all the members of Little Kites of this school. Your effort will be fruitful to your followers.*

*Wishing God's abundant blessings on you...*

*Sr.OSIA*

*SCHOOL MANAGER*



# സന്ദേശം

ഹൈടെക് യുഗത്തിൽ സങ്കേതിക വിദ്യയിലൂടെ നിങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്തി കൊണ്ട് ഏറ്റവും മനോഹരമായ ഒരു മാഗസിൻ തയ്യാറാക്കുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിച്ചതിൽ ഞാൻ നിങ്ങളേയും അതിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും അഭിനന്ദിക്കുന്നു.വരും കാലഘട്ടങ്ങളിൽ നിങ്ങളിൽ സ്വതഃസിദ്ധമായിരിക്കുന്ന കഴിവുകളെ 100 % പ്രയോജനപ്പെടുത്തി സമൂഹത്തിനു അഭിമാനമായി തീരുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു

ഹെഡ്മിസ്ട്രസ്

സി.ഐമി



# ഉള്ളടക്കപ്പട്ടിക


- നിഷേധിക്കപ്പെട്ട ജീവിതം........................................9
- ബാല്യകാല സ്മരണകൾ........................................12
- ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക്..........................15
- ഒരിറ്റു സ്നേഹം..................................................17
- പിടയുന്ന ഹൃദയങ്ങൾ..........................................19
- ശുഭാപ്തി വിശ്വാസം..............................................21
- എന്റെ അനുഭവം..................................................23
- വസന്ത കാലം.......................................................24
- കരുണ................................................................25
- എന്റെ മെയ് മാസം................................................26
- ഞാൻ പ്രകൃതി സ്നേഹം........................................27
- സ്നേഹത്തിനായ് അലയുന്ന കുരുന്നു ഹൃദയങ്ങൾ.........................................................31
- എന്റെ വിദ്യാലയം................................................33
- എന്റെ പ്രകൃതി.....................................................34
- ഗാന്ധി സൂക്തങ്ങൾ..............................................35
- പഴഞ്ചൊല്ല്..........................................................36
- കടൽ..................................................................37
- പ്രസരിക്കുന്ന വെളിച്ചം.........................................38
- ഒരു ധീര വനിതയുടെ കഥ....................................40

- പ്രകൃതിയാണെന്നമ്മ.........................................................42
- അഹങ്കാരിയായ കവി.........................................................43
- അമ്മു അവളുടെ മാവും.........................................................44
- എന്താണ് തെറ്റ്.........................................................47
- മാതൃകയാണെന്നമ്മ.........................................................49
- എന്റെ മഴ.........................................................50
- ചിരിയും കരച്ചിലും.........................................................51
- അമ്മയുടെ വാത്സല്യം.........................................................52
- അനാഥാലയത്തിലെ കുട്ടി.........................................................54
- കണിക്കൊന്നയോനേരത്തെ പൂത്തത്.........................................................56
- ഹരിതന്റെ തെറ്റ് തിരുത്തി.........................................................57
- കാളകളും ഉടമകളും.........................................................58
- അറിവിന്റെ ഗുരുനാഥൻ.........................................................59

ആസ്വാദനക്കുറിപ്പ്



# നിഷേധിക്കപ്പെട്ട ജീവിതം

നയനസുരേഷ്

സി .വി രാമന്റെ നീതി നിഷേധിക്കപ്പെട്ട ഒരു സ്ത്രീയുടെ ചെറുകഥയാണ് സാക്ഷി. തന്റെ നീതിക്കുവേണ്ടി ജീവിതാവസാനം വരെ പൊരുതുകയാണവൾ. തൊഴിൽ രംഗത്തെ അഴിമതിയും ഉദ്യോഗസ്ഥരുടെ ദുഷ്പ്രവർത്തിയും നമുക്കിതിൽ കാണാൻ സാധിക്കും.

വിവാഹ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി രജിസ്ട്രാഫീസിൽ ദിവസങ്ങളായി കയറിയിറങ്ങുകയാണ് ഉമ. ദിവസങ്ങളോളം ആ ഓഫീസിൽ വന്നു പോകുന്ന ഉമയെ ശ്രദ്ധിച്ച ഓഫീസർ അവൾക്കു സർട്ടിഫിക്കറ്റ് നൽകാൻ താമസമെന്താണെന്ന് അന്വേഷിക്കുന്നു. അക്കാര്യം അന്വേഷിച്ചപ്പോഴാണ് പരമേശ്വരനാണ് ഉമയുടെ ഭർത്താവെന്ന കാര്യം ഓഫീസർക്ക് മനസ്സിലായത്. കുട്ടികളില്ലാത്തതിനാൽ പരമേശ്വരൻ മറ്റൊരു വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നു. അതിനാൽ ഉമയുമായുള്ള വിവാഹം തന്നെ നടന്നിട്ടില്ലായെന്ന് കോടതിയിൽവെച്ച് സ്ഥാപിച്ചെടുക്കുകയാണയാൾ. താൻ ജീവിച്ചിരിക്കെ മറ്റൊരു വിവാഹത്തിന് അയാളെ സമ്മതിക്കില്ല എന്ന

നിലപാടിലായിരുന്നു ഉമ. അതിന് പരമേശ്വരനാണ് തന്റെ ഭർത്താവെന്ന് തെളിയിക്കാനാണ് വിവാഹ സർട്ടിഫിക്കറ്റെന്ന് ഉമ പറഞ്ഞു. ഇത് മനസ്സിലാക്കിയ പരമേശ്വരൻ ഓഫീസിലുള്ളവരെ നേരത്തെ തന്നെ സ്വാധീനിച്ചിരുന്നു. പരമേശ്വരന്റെ സ്വാധീനത്തിനു വഴങ്ങിയവർ പല കാരണങ്ങളാൽ പറഞ്ഞ് ഉമയെ മടക്കി അയക്കുന്നു. ക്ലർക്ക് രവീന്ദ്രനാണ് ഇതിൽ പ്രധാന പങ്ക് വഹിക്കുന്നത്. ഒടുവിൽ ഓഫീസറുടെ ശക്തമായ നിർബന്ധനു വഴങ്ങി എല്ലാവരും ചേർന്ന് രജിസ്റ്റർ അന്വേഷിച്ചു. കണ്ടെത്തി. അപ്പോൾ ഉമയുടെ വിവാഹ രജിസ്റ്റർ ചെയ്തതായുള്ള പേജുകൾ കീറിക്കളഞ്ഞതായി കാണുന്നു. ഉമ അപ്പോൾ തളക്കപ്പെട്ട മൃഗത്തെപ്പോലെ ചലിക്കാനാവാതെ ദേഷ്യവും സങ്കടവും ഉള്ളിലൊതുക്കി അയാളെ നേക്കിനിന്നു. കാരണം അവരുടെ വിവാഹത്തിന് സാക്ഷിയായത് ആ ഓഫീസർ ആയിരുന്നു. പകക്ഷേ അത് തെളിയിക്കാൻ അവർക്കാവിശ്യമായ രേഖകൾ ലഭിക്കുന്നില്ല. ആധുനിക നഗരജീവിതത്തിൽ ഒറ്റപ്പെടേണ്ടി വരുന്നവരുടെ പ്രതീകമായി ഈ കഥയിലെ ഉമ മാറുന്നു.

ഇന്നത്തെ സമൂഹത്തിൽ വളരെ പ്രാധാന്യം ഏറിയ കഥയാണിത്.അവഗണിക്കപ്പെടുന്ന സ്ത്രീകളുടെ പ്രതിനിധിയായി ഉമ മാറുന്നു. ഇന്ന് കൈക്കൂലി വാങ്ങിച്ചും അഴിമതി കാണിച്ചും ദുഷ്പ്രവർത്തികൾ ചെയ്ത് ഉദ്യോഗസ്ഥർ ജീവിതം മുമ്പോട്ട് നീക്കുമ്പോൾ പാവപ്പെട്ടവരുടെ ജീവിതമാണ്

ഇരയാകുന്നതെന്ന് ആരും ഓർക്കുന്നില്ല. വിവാഹം കഴിച്ച് വെറും നിസ്സാരകാരണത്താൽ വിവാഹ മോചനം നടത്തുന്ന ഒരുപാട് ദമ്പതിമാർ ഇന്നീ ലോകത്തുണ്ട്. പറഞ്ഞുതീർക്കാൻ പറ്റുന്ന വെറും നിസ്സാരമായ കാര്യങ്ങൾ  അവർ വിവാഹമോചനത്തിൽ വരെ  എത്തിക്കുന്നു.ഉമയെപോയുള്ള ഒരുപാട് സ്ത്രീകൾ ഇന്ന് ഈലോകത്തിൽഉണ്ട.സ്ത്രീകളെഅവഗണിക്കുന്ന,അപമാനിക്കുന്ന,ബഹുമാനിക്കാത്തവരുടെ പ്രതീകമായി പരമേശ്വരൻ മാറുന്നു.

കവിത

# ബാല്യകാല സ്മരണകൾ

ജൂലി സാജു



തളിരിട്ടു തളിരിട്ടു വളർന്ന് പൊന്തിയ
ബാല്യകാലസ്മരണകളെ ..
നിന്നെ ഞാൻ വീണ്ടും തേടുന്നു
പാതിരാമണൽ മന്ദഹാസംചുടിയപോലെ
തിളങ്ങിനിന്നബാല്യമെ നീ
എന്നിൽ നിന്ന് ഓടിമറഞ്ഞതെന്തേ സ്വപ്നമേ....

നിന്റെ കുസൃതിയിലും, കളിചിരിയിലും
എനിക്കായ് നൽകിയ
ബാല്യമെ നിൻ ചിരകാല സ്മരണകൾ
എനിക്കേറെ പ്രിയം
ചൂടുകാറ്റിന്റെ അസഹ്യത പോലെയും
മഞ്ഞുതുള്ളികൾ കുടുകുടെ വിറയുന്ന
പോലെയും ,സന്തോഷത്തിൻ
നിമിഷങ്ങൾ പോലെയും
എൻ മിഴിവാർന്ന ബാല്യകാലം

മാതാ പിതാ എന്ന് ആദ്യമാം
അധരത്തിൽ ഓതിയ കാലം
പുഞ്ചിരിതൻ സ്വപ്നങ്ങൾ ചെയ്യുവീണ
ഹിമാലയത്തിലെ ഒഴുകും നദിപോലെ,
ഓളംപോലെ.............

തുമ്പിയെയും കൂട്ടരെയുംകൗതുകത്തോടെ
കണ്ടകാലം
സമുദ്രതീരത്തിൽ ആശ്വാസംപകർന്ന ഓളം
എൻ ബാല്യകാലം എൻ പുണ്യകാലം
ഈ യുഗ അനുഭൂതിയിൽ നിന്നും
ഞെട്ടി ഞെട്ടി ഉണർന്ന നേരം

സുന്ദര നിമിഷങ്ങൾ പൊയ്യറഞ്ഞീടുന്ന
അശരീരിയെപോൽ വിഷാദമനസ്സിനെ
തേച്ചുമിനുക്കി മധുരമാക്കിയ പഴങ്കാലം
ഓർമ്മതൻ കൈകൊട്ടലിൽ പിടയുന്ന
എൻ നൊമ്പര ഹൃദയത്തെ...........

ആശ്വാസ സ്വരങ്ങൾ മൊഴിയുവാനും

ഈറനണിഞ്ഞ നേത്രങ്ങളെ ഒപ്പുവാനും

എവിടെയെൻ ബാല്യകാലം?

എവിടെയെൻ ഭൂതകാലം?

എവിടെയെൻ ഓർമ്മതൻകാലം?

അരുമക്കിടാവായ എന്നെ മാറോട് ചേർത്ത

അമ്മതൻകാലം...

കണ്ണീരൊപ്പിപിതാശ്രീതൻകാലം...

മിത്രത്തെ സ്നേഹിച്ചകാലം

ശത്രുവിനോട് ശണ്ഠ കൂടിയ കാലം

കളിചിരിയും സ്നേഹ സാഹോദര്യവും

നെഞ്ചിലേറ്റിയകാലം

ഉറ്റവരും ഉടയവരും ഊട്ടി ഉറയ്ക്കപ്പെട്ട ബന്ധുതൻകാലം

ഓരോ ഋതുഭേദങ്ങൾ പിന്നിടുമ്പോഴും

നരതൻ ജീവിതം ഉടയുമ്പോഴും

ഓർത്തീടുന്നൊരു പുഷ്പകാലം

എൻ ബാല്യകാലം.......

കഥ

# ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക്....



ജിയ ജെയ്മോൻ

ഒരു നഗരത്തിൽ ധനികനായ ഒരാളുണ്ടായിരുന്നു. അയാൾക്കൊരു മകൻ മാത്രമാണ് ഉണ്ടായി

രുന്നത്. ആദമെന്നായിരുന്നു അവന്റെ പേര്. കഠിനമായ അസുഖം മൂലംഅയാൾ മരിച്ചു. പിന്നീട് സ്വത്തും പണ വും എല്ലാം ആദത്തിനു സ്വന്തമായി.

ആദത്തിനുവളരെയധികംകൂട്ടുകാരുണ്ടായിരുന്നു. എന്നാൽഅവർ ആദത്തിനെ ചതിച്ച് അവൻെറ സ്വത്തുക്കളും പണവുമെല്ലാം തട്ടിയെടുത്തു. ആദം ഒരു ജോലി തിരഞ്ഞു- നടന്നു.പട്ടിണിയും നാണക്കേടും മൂലം ആദം ആകെതളർന്നു. അവൻ നാടുവിടുവാൻ തീരുമാനിച്ചു. അങ്ങനെ അവൻനടനെത്തിയത്

ഒരുമരച്ചുവട്ടിലാണ്അവന്പുറകോട്ടുതിരിഞ്ഞുനോക്കി യപോൾ ഒരു വലിയ ഉറുമ്പുംക്കൂട് അവൻ അതു നശിപ്പിച്ചു. ക്ഷീണത്താൽ ഉറങ്ങിപ്പോയി. അൽപനേരം കഴിഞ്ഞ്എഴുന്നേറ്റ അവൻ കണ്ട കാഴ്ച എന്നത് അവൻ നശിപ്പിച്ചഉറുമ്പുംകൂട.അവൻപുതുക്കിക്കെട്ടിയിരിക്കുന്നു .അവന്അദ്ഭുതമായ.അവൻതൻെറജീവിതത്തിലേക്കുതി രിഞ്ഞുനോക്കി. കുറ്റബോധവും പശ്ചാത്താപവും നിറഞ്ഞ ഒരു അനുഭവംഅവനിലുണ്ടായി. അവന് ഒരു കാര്യം മനസിലായി എന്തൊക്കെനഷ്ടപ്പെട്ടാലും ശുഭാപ്തി വിശ്വാസത്തോടെമുന്നേറിയാൽവിജയംലഭിക്കുമെന്ന് .അവൻ ആദ്യം മുതൽ അധ്വാനിച്ച് പണമുണ്ടാക്കി കാശുകാരനായി മാറി.

കവിത

# ഒരിറ്റ് സ്നേഹം

ആദ്യം തളിരിട്ടു എൻ മനം കോരിത്തരിച്ചു
എന്നിലെ വായു ഒരു ജീവനായി മാറി
സനേഹം തിടിച്ചു
അറിയില്ല എൻ മനം അറിയാണ്ട് താളം പിടിച്ചു
അറിയാണ്ട് തായം പിടിച്ചു

എന്റെ ജീവനായി വായുവായി
എൻ ഓമൽ പൈതലായി
ചെറു ശിഖരങ്ങയാട്ടി എന്നെ മാടി വിയിച്ചു
ഓടി കിതച്ചു ഞാൻ ചെന്നു
കുഞ്ഞിക്കൈകൾ നീട്ടി എന്നെ മാറോടി ചേർത്തു പിടിച്ചു

പച്ചയംബര തണലിൽ ഞാൻ
സ്നേഹത്തിനായി ഞാൻ
എവിടെയെന്നറിയില്ല എങ്ങനെയെന്നറിയില്ല
എന്റെ ജീവനും വയുവും എന്നിൽ നിന്നുമകന്നു

വീണ്ടും ഞാൻ എൻ സ്നേഹത്തെ തേടി എത്തി

ഞെട്ടി തരിച്ചു പോയി ഞാൻ
എവിടെ പോയെന്റെ  ജീവൻ
എന്നെ മാറോട്ട ചേർത്ത  എൻ പച്ചയംബരം
എവിടെ പോയെന്റെ ജീവൻ
എവിടെ പോയെന്റെ കഞ്ഞു ശിഖരങ്ങൾ

അറിയാണ്ട് ഞാൻ കേണു
എൻ  ദുഃഖം അണപോട്ടി ഒഴുകി
എൻ സ്നേഹവും വായുവും ജീവനും ഇല്ലാണ്ടായി
ഇവയില്ലാതെ എങ്ങനെ പാരിൽ
ഞാൻ ജീവിക്കും
എൻ ജീവനും വായുവും നിലച്ചു

എൻ കുഞ്ഞു പച്ചയംബരമേ
ഞാൻ ഇതാ എന്നെ മുഴവനും
നിനക്കു നല്കാം
നീയെനിക്കരിറ്റു സ്നേഹം തരിക
ഒരിറ്റു സ്നേഹം തരിക
പ്രകൃതാംബികെ ഒരിറ്റുസ്നേഹം



അഞ്ജന മരിയ റോയി

**കഥ**

# _പിടയുന്ന ഹൃദയങ്ങൾ

*അഞ്ജന മരിയ റോയി*



മനോഹാരിത നിറഞ്ഞ എൻ ഗ്രാമം

സ്വപ്നമാണോ ഇത്  അവൻ കണ്ണുകൾ തുറന്നത്  ഇങ്ങനെ പറഞ്ഞാണ്.  കണ്ണും തിരുമ്മി അവൻ പുറത്തേക്കിറങ്ങി.

ഹായ്..........

എത്ര സുന്ദരമാണ്  എന്റെ  വീടും  പരിസരവും. അതെ ഞാൻ സ്വപ്നത്തിൽ കണ്ട ,മനോഹാരിത  തുളുമ്പുന്ന എന്റെ  പ്രകൃതി . അല്ല,  എന്റെ  അമ്മ.

പുറകിൽ നിന്ന് അച്ഛന്റെയും കുറച്ച് ആളുകളുടെയും ശബ്ദം കേട്ടാണ് ഞാൻ തിരിഞ്ഞ് നോക്കിയത്.  അച്ഛൻ വളരെ ഗൗരവത്തിലായിരുന്നു.  കൂടെയുള്ള ആളുകളുടെ കൈയ്യിൽ വലിയ ആയുധങ്ങളും ഉണ്ടായിരുന്നു

ഞാൻ നോക്കിനില്ക്കേ  എന്റെ പ്രകൃതി,അല്ല എന്റെ അമ്മയെ അവർ ഇഞ്ചിഞ്ചായി കോല്ലുകയായിരുന്നു. ഞാൻ,എന്റെ കണ്ണുകൾ   നൂറായിരങ്ങളുടെ ജീവൻ  നഷ്ടപ്പെട്ന്നത് നേരിൽകണ്ടു. ഒരു കൂട്ടക്കൊലക്ക് ഞാൻ സാക്ഷിയായി.എന്തു

പറയണമെന്ന് എനിക്ക് അറിയല്ല. ഞാൻ കുറേ നേരംകരഞ്ഞു. തേങ്ങി,തങ്ങി കരഞ്ഞു

ദൂരെ എന്റെ കരച്ചിൽ വീക്ഷിച്ചുകൊണ്ടിരുന്ന ഒരു വൃദ്ധ എന്നെ നോക്കിയ  ശേഷം കണ്ണുകൾ ഉയർത്തി കൊണ്ട് പറഞ്ഞു ഭൂമി നീ രക്ഷപ്പെട്ടു. ഇതാ.........  നിനക്കുവേണ്ടി  കരയാൻഒരുകുട്ടി .ഞാൻ വീണ്ടും കരഞ്ഞുക്കൊണ്ടേയിരുന്നു ....................തോരാതെവീണ്ടും പെയ്യുന്ന മഴ പോലെ.........................

*ലഘുലേഖനം*

# ശുഭാപ്തി വിശ്വാസം

ജീവിത സായാഹ്നങ്ങളിൽ നമുക്ക് എല്ലാ കാര്യത്തിലും പ്രത്യാശ ഉള്ളവരായി തീരണം.

നമ്മൾ എന്തുചെയ്താലും പ്രത്യാശ വേണം.

നല്ലതു ചെയ്താൽ നമുക്ക് നല്ലതു കിട്ടും.

അഥവാ മറിച്ച് ചെയ്താൽ നമുക്ക്

ദോഷമെ കിട്ടുകയുള്ളൂ ജിവിതത്തിൽ ഏറ്റവും നിസ്സാരന്മാരാണെന്നു കരുതി നാം അവഗണിക്കുന്നവരിൽ നിന്നാവാം പ്രതിസന്ധിഘട്ടത്തിൽ പ്രധാനപ്പെട്ട ഒരു സഹായം നമുക്ക് ലഭിക്കുക. ഇത്തരം അനുഭവങ്ങൾ നമ്മുടെ മനസിനെ ശുദ്ധമാക്കുകയും ചെയ്യും. ദുരിതങ്ങളും കഷ്ടപാടുകളും ജിവിതത്തിൽ ഉണ്ടാകുമ്പോൾ തളർന്നു പോകുന്നവരാണ് നമ്മളിൽ ഏറെപ്പേരും. പ്രതിസന്ധികളിൽ തളരാതെ കഴിഞ്ഞുപോയ സുന്ദരമുഹൂർത്തങ്ങളെ ഓർത്തെടുത്ത് ജീവിതത്തിൽ കുടുതൽ സ്നേഹിക്കുക . മനുഷ്യജീവിതം

**നിലനിലക്കുന്നത് പ്രതീക്ഷയിലാണ്. അധികമായ**

***നിരാശയിലും പാരജയത്തിൽ ജീവിതം***

***മുമ്പോട്ട്കൊണ്ടുപോകുവാനുള്ളശകതി***

***മനുഷ്യനുനൽകുന്നത്പ്രതീക്ഷയാണ്.***

**ആൻമരിയ ഷൈജു** 

അനുഭവം

# എന്റെ അനുഭവം

രാത്രിയുടെ നിലാവെളിച്ചത്തിൽ രഗ്നങ്ങളെ പോലെ തിളങ്ങിനില്ക്കുന്ന നക്ഷത്രങ്ങൾക്കു മറവിൽ അതാ.... ഒരു വൻ പ്രകാശം ചന്ദ്രൻ ആർക്കും പിടികൊടുക്കാതെ മാറിമറയുകയാണ്.

രാത്രിയുടെ ഈ മനോഹാരിതയെ അനുഭവിക്കുന്ന ഒരു കൂട്ടം പുഷ്പങ്ങൾ വിരിഞ്ഞ് കാറ്റിനൊപ്പം ആടികൊണ്ട് നൃത്തമാടുകയാണ്. ആ സൗന്ദര്യത്തിൽ ലയിച്ച് പുഞ്ചിരി തൂകികൊണ്ട് എങ്ങും സുഗന്ധം പരത്തി അവരുടെ കണ്ണുകൾ ചിമ്മിച്ചുകൊണ്ട്, അവരും വരവായി.

ആ സൗന്ദര്യത്തിൽ ലയിച്ച് ഞാനും മതിമറന്നു നിന്നു...................................

കണ്ണുകൾ ചിമ്മാതെ..................

ആരും കാണാതെ.....................

അനുജയ്മോൻ 

കവിത

# വസന്ത കാലത്തിൽ

ഒരു കാറ്റു വീശുമ്പോൾ വസന്തക്കാലത്തിൽ
പൂവിന്റെ ഭംഗി നിറഞ്ഞുനിൽക്കും
ചുവന്ന ചുവപ്പുള്ള പൂവിന്റെ ഭംഗി
എന്റെ മനസ്സിനെ മയക്കീടുന്നു.
തേൻകൊണ്ടു നാവളക്കാൻ
ചിത്രശലഭങ്ങൾ വന്നീടുന്നു
മാവേലി മന്നനെ വരവേൽക്കാൻ ഞാനിതാ
പൂക്കളെ തേടി നടന്നിടുന്നു
തേടി നടന്നു ശേഖരിച്ച പൂക്കൾ ഞാൻ
പൂക്കളം ഇട്ടു വരവേൽക്കുന്നു.
എത്ര സുന്ദരമാണീ വസന്തം
എന്നും വസന്തം നീലന്നിന്നിരുന്നെങ്കിൽ



**ശില്പ റോസ്മേരി നിക്കോളാസ്**

*കഥ*

# കരുണ

രാമു ഒരു കർഷകനായിരുന്നു. നാട്ടിലെയെല്ലാവർക്കും ഇഷ്ട്മാണ്. രാമുവിന്റെ കൃഷിയിടത്തിൽ ഒരു കുരങ്ങൻ വന്നു. സ്ഥിരമായി മോക്ഷണം അവന്റെ ഒരു പതിവായിരുന്നു. രാമുവിന്റെ മനം ദു:ഖം കൊണ്ട് നിറഞ്ഞു. രാമുവിന്റെ കൂട്ടുകാർ കള്ളനെ പിടിക്കാൻ കെണി ഒരുക്കി.അങ്ങനെ നമ്മുടെ കള്ളൻ കുരങ്ങച്ചൻ പിടിയിലായി.കുരങ്ങനെ എല്ലാവരും തല്ലാൻ രാമു ഒരു കർഷകനാണ് നാട്ടിൽ എല്ലാവർക്കും രാമുവിനെ തുടങ്ങി.കരയുകയാണ് കുരങ്ങൻ.അതുകേട്ട് രാമുവിന് സങ്കടമായി.കുരങ്ങനെ മോചിപ്പിച്ച് മുറിവ് പറ്റിയിടത്ത് മരുന്ന് കെട്ടിവെച്ചു രാമു. എന്നിട്ട് കുരങ്ങനെ കാട്ടിൽ കൊണ്ട്പോയി ആക്കി. ഇത് കണ്ടവരും കേട്ടവരും അത്ഭുതപ്പെട്ടു. രാമുവിനെ ആദരിച്ചുക്കൊണ്ട് അവരുടെ നേതാവായി തിരഞ്ഞെടുത്തു.

ഗുണപാഠം : കരുണയുള്ളയിടത്ത്

വിജയമുറപ്പ്

**ആൻമരിയ ഫിലിപ്പ്**



അനുഭവക്കുറിപ്പ്

# എന്റെ മെയ് മാസം



സോഫിയസോയി

മെയ് മാസത്താണ് മഴ തുടങ്ങുന്നത് . അങ്ങനെ മഴ തുടങ്ങുമ്പോൾ എനിക്ക് തോട്ടിൽ പോകാൻ വളരെ ഇഷ്ടമാണ്. ഈ സമയത്താണ് മാങ്ങാപ്പഴത്തിന്റെ കൊതിയൂറുന്ന മണം. തോടിന്റെ വക്കത്തായി മാവ് ഉണ്ട്. ഞാൻ കമ്പുകൊണ്ട് തട്ടിവിഴ്ത്തും. അപ്പോൾ മഴ പെയ്തു് ഞങ്ങൾ വീട്ടിൽ കയറി. ആ കാറ്റത്ത് ഒരു മാങ്ങ താഴെ വീണു. ഞാൻ മാങ്ങ എടുക്കാൻ ഓടിയപ്പോൾ കാൽ വഴുതിവീണു. വീണ ശബ്ദം കേട്ട് അമ്മ ഓടി എത്തി. എന്നെ എഴുന്നേൽപ്പിച്ച് തല്ലി ഞാൻ കരഞ്ഞപ്പോൾ ആ കാറ്റത്ത് ഒരു മാങ്ങ കൂടി വിണു. എല്ലാരും ചിരിച്ചു. ഞാനും ചിരിച്ചു. എന്നിട്ട് അമ്മ എനിക്ക് മാങ്ങ എടുത്തു തന്നു. ഞാൻ ആ മാങ്ങ എല്ലാവർക്കും പങ്കുവച്ച് കൊടുത്തു. അപ

കഥ

# ഞാൻ പ്രകൃതി സ്നേഹി



അനീഷ കെ. ബിനോ

അതാ, അമ്മുവിന്റെ നിലവിളി. തന്റെ ഹൃദയംപറിച്ചെടുക്കുമ്പോഴുള്ള വേദനയാണ്. ഈ ദുസ്സഹനീയമായ പ്രവർത്തി കണ്ടപ്പോൾ അമ്മുവിനുണ്ടായത്. തന്നെ താനാക്കിയ പ്രകൃതി. തന്റെ ജീവിതത്തെ മുന്നോട്ട് നയിച്ച ചുറ്റുപാടുകൾ.ഹൃദയത്തിൽ ആരോ കല്ല് കൊണ്ട് ഇടിക്കുന്നത്പോലുള്ള വേദന.

ഒരുകാലത്ത് തന്റെ എല്ലാമെല്ലാമായിരുന്നവർഇന്ന് രാക്ഷസൻമാരുടെ വെട്ടേറ്റ് ചോരയൊലിച്ച് കിടക്കുന്നു.ഒരുനിമിഷം അവൾ അവളുടെ പഴയകാലങ്ങളിലൂടെ ഒന്ന് ചറ്റി സഞ്ചരിച്ചു. പ്രകൃതി രമണീയമായൊരു ചുറ്റുപാട്. ഇടതൂർന്ന മരങ്ങൾക്കിടയിലൂടെയുള്ള ഒരു കുഞ്ഞു കുടിൽ. അവിടെ ഒരുപാവം അച്ഛനും അമ്മയും മകളായ അമ്മുവും വളരെ

സ്നേഹത്തോടെ അവർ തന്റെ ജീവിതം മുന്നോട്ട് കൊണ്ടുപോവുകയായിരുന്നു. ജീവിതത്തിലെ സന്തോഷങ്ങളും ദുഃഖങ്ങളും ഒരുമിച്ച് പങ്കിട്ടുകൊണ്ട് മുന്നോട്ട് പോയിരുന്ന ആ കുടുംബത്തിനെ ആഴമായ ദുഃഖത്തിലാഴ്ത്തിയത് അതായിരുന്നു. അതെ, തങ്ങളുടെ ജീവിതം തന്നെയായ പിതാവ് അമ്മുവിന്റെയും അമ്മയുടെയും സ്നേഹം വെടിഞ്ഞ് സ്വർഗ്ഗരാജ്യത്തിലേക്ക് യാത്രയായി. ഒരു കപ്പിത്താൻ തന്റെ കപ്പൽ വഴിതെറ്റാതെ മുന്നോട്ടുനയിച്ചിരുന്നത് പോലെ അവർ ജീവിച്ചിരുന്നതായിരുന്നു. എന്നാൽ ഇപ്പോൾ കപ്പിത്താനില്ലാതെ ആ കപ്പൽ എങ്ങനെ പോകും? ആ അവസ്ഥയാണിത്. ഈ അവസ്ഥയിൽ കപ്പിത്താൻ സ്ഥാനം ഏറ്റുവാങ്ങി. ദുഃഖത്തിന്റെ മനസ്സ് മാറ്റി സന്തോഷം നിറയ്ക്കാൻ അവരെ സഹായിച്ചത് അവരുടെ ചുറ്റുപാടാണ് ഇടതൂർന്ന മരങ്ങളും കുറ്റിച്ചെടികളും.

വാസ്ഥവത്തിൽ പച്ചപരവതാനി വിരിച്ച ഒരു കൊച്ചു നാട്ടുപ്രദേശം. കിളികളുടെ കളകളാരവം ആ പ്രദേശം മഴുവൻ നിറഞ്ഞ്ന്നിരുന്നു. അണ്ണാൻ ഒരു മരത്തിൽ നിന്ന്മറ്റൊരു മരത്തിലേക്ക് ഓടിച്ചാടിനടക്കുന്ന കാഴ്ച്ചകൾ കണ്ണിന് കുളിർമ

ഏകുന്നതാണ്. ശാന്തമായ അന്തരീകഷം ജീവിതത്തിനും മനസ്സിനും നേരായ ഊർജം പകർന്നുതന്നു. ഒരണ്ണാനായും കളിയായും അമ്മു ജീവിച്ചു. ഒടുവിൽ ഉപരിതല പഠനത്തിനായി

പട്ടണത്തിലേക്ക് പോകാൻ അമ്മു തയാറെടുത്തുക്കൊണ്ടിരിക്കുകയായിരുന്നു .പട്ടണത്തെക്കുറിച്ച് കേട്ടിട്ടുണ്ടെങ്കിലും ആദ്യമായിട്ടാണ് അമ്മുപട്ടണത്തിലേക്ക് യാത്രയാകുന്നത് അവിടെചെന്നപ്പോളാകട്ടെ ദയനീയമായ സ്ഥിതിയാണ് പട്ടണത്തിലുള്ളവരുടേത് അൽപ്പം ശുദ്ധവായുശ്വസിക്കാൻപ്പോലും അവർക്ക് നിവർത്തിയില്ല. പണ്ടിത് മരങ്ങൾ നിറഞ്ഞ പ്രദേശമായിരുന്നു എന്ന്കാണിക്കാൻ മാത്രം അവിടെവിടെക്കെയോ ഒന്നുരണ്ട് മരങ്ങൾ മാത്രം. ഉപരിപഠനത്തിനുശേഷം തന്റെ നാട്ടിലേക്ക് തിരിച്ചുവരാനായി റെയിൽവേ സ്റ്റേഷനിൽ തീവണ്ടിയും കാത്തുനിൽക്കുകയാണവൾ. കൂകിപ്പായുന്ന തീവണ്ടി ഒന്നാം ഫ്ലാറ്റ് ഫോമിൽ ഒരുവിതത്തിൽ അണ്ണാൻച്ചാടിച്ചാടിനടക്കുന്നത് പോലെ ചാടിച്ചാടിക്കയറി. അപ്പച്ചന്റെ അപ്പുറത്തിരുന്നു. വീട്ടിലേക്ക് വരുമ്പോൾ തന്റെ ഗ്രാമത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും വളരെ പ്രതീക്ഷകളോടെയാണ് അമ്മു വന്നത്. കുതിച്ചുപാഞ്ഞുക്കൊണ്ടിരുന്ന തീവണ്ടി തനിക്കിറങ്ങാനുള്ള സ്റ്റേഷനിൽ എത്തിയപ്പേൾ

വേഗതക്കുറഞ്ഞുവന്നു തീവണ്ടിയിൽനിന്നിറങ്ങി വേഗം നടന്നു ഓട്ടോസ്റ്റാന്റിലേക്ക്. ഓട്ടോയിൽ കയറി വീട്ടിലേക്ക് വളരെ ഉത്സാഹത്തോടെ യാത്രത്തിരിച്ചു. പെട്ടന്നെന്തോ

വലിയൊരു വിഷമം അവളുടെ മനസ്സിൽ ഉളവായി. ചുറ്റും നിന്നിരുന്ന മരങ്ങളൊന്നും കാണുന്നില്ല വീട്ടിൽ എത്തിയപ്പോഴാകട്ടെ അവളുടെ ഹൃദയം തകരുന്ന കാഴ്ച കാണേണ്ടി വന്നു.നിറയെ കാടായിനിന്നിരുന്ന സ്ഥലത്ത് കാടിന്റെ ഓർമ പുതുകുന്നതിനുവേണ്ടി ഒന്നു രണ്ട് മരങ്ങൾ മാത്രം വെട്ടിമുറിച്ച് ചോരയൊലിച്ചുനിൽക്കുന്ന മരങ്ങൾ. വികസനംപോലും ഹും! വികസനം. ആ മൃഗങ്ങളുടെയും പക്ഷികളുടെയും സങ്കടത്തിൽ അമ്മുവും പങ്കുചേർന്നു

കഥ

# സ്നേഹത്തിനായി അലയുന്ന കുരുന്ന് ഹൃദയങ്ങൾ

കുരുന്നുപാറ എന്ന സുന്ദരഗ്രാമം. അവിടെ സണ്ണിസാറും ലീന ടീച്ചറും മൂന്നു മക്കളുമടങ്ങുന്നഒരു സന്തുഷ്ട കുടുംബം.

സണ്ണി സാറ്പരോപകാരിയായിരുന്നു. തങ്ങളുടെ ഇരുപതാം വിവാഹ വാർഷിക ദിനത്തിൽ സണ്ണി സാറും കുടുംബവും ആകാശ പറവകൾ എന്ന സ്ഥാപനത്തിലേക്ക് യാത്രപോയി മുപ്പതോളം പിഞ്ചുകുരുന്നുകൾ ഉറ്റവരും ഉടയവരും ഇല്ലാത്ത കുഞ്ഞുങ്ങൾക്കായി നടത്തുന്ന സ്ഥാപനമായിരുന്നു ആകാശപ്പറവകൾ.

ആ ദിവസം മുഴുവൻ അവരോടൊപ്പം ചിലവഴിക്കുകയായിരുന്നു അവരുടെ തീരുമാനം. കൈ നിറയെ സമ്മാനങ്ങളുമായി അവർ ഒരു കാറിൽ എത്തി, അപ്പോൾ മൂന്നുവയസ്സോളം പ്രായമുള്ളനിഷ്ക്കളങ്കയായ ഒരു പെൺകുട്ടി അപ്പാ എന്ന് വിളിച്ച് കൊണ്ട്ഓടി വന്ന് സണ്ണിസാറിന്റെ കാലു കൾവാരിപ്പുണർന്നു. ഇത് കണ്ടു നിന്ന ലിനടീച്ചറുടെയും കുഞ്ഞുങ്ങളുടെയും മിഴികൾ നിറഞ്ഞൊഴുകാൻതുടങ്ങി. അവരുടെ ഹൃദയംപിടഞ്ഞു.സണ്ണിസാർ ആകുഞ്ഞിനെ വാരിയെടുത്ത് ഉമ്മ വച്ചു. ആ കുഞ്ഞിന്റെഹൃദയംസന്തോഷത്താൽ നിറഞ്ഞു.വിവാഹ

വാർഷികത്തിന്റെആഘോഷത്തിന്റെ നിറവിൽ കുട്ടികളെല്ലാം മയങ്ങി. സണ്ണിസാറിന്റെമാറോട് ചേർന്ന് ആ പെൺകുട്ടിയുംമയങ്ങി.വെറുംരണ്ട് മാസത്തോളം പ്രായമുള്ളപ്പോൾആകാശപ്പറവകളുടെ മുൻപിൽആപിഞ്ച് പൈതലിനെഉപേക്ഷിച്ച് സ്വന്തംസുഖസൗകര്യങ്ങൾക്കായി ഓടി മറഞ്ഞു.അവളുടെ കഥകളെല്ലാം അറിഞ്ഞ സണ്ണിസാറും കുടുംബവുംആപെൺകുട്ടിയുടെ എല്ലാ കാര്യങ്ങളുംഏറ്റെടുത്തു.അവളെ പഠിപ്പിച്ച് ഒരു മിടുക്കിയാക്കി .ഇന്ന് അവൾ സമൂഹത്തിൽ മറ്റുള്ളവരുടെനന്മയ് ക്ക് വേണ്ടി മാത്രം പ്രവർത്തിക്കുന്ന കരുത്തുറ്റ ഒരു സ്ത്രീയായി മാറി.

റിയ തേരേസ ജോയി



കവിത

# എന്റെ വിദ്യാലയം

അറിവിന്റെ നീധിയായ്, മാറുവാൻ എന്നെ

മാടിവിളിച്ച വിദ്യാലയം

മാതൃഭാഷയുടെ പാഠങ്ങൾ ഓരോന്നായി

അഭ്യസിച്ച തന്ന വിദ്യാലയം

കളികളും വിദ്യയാം അഭ്യസിച്ച തന്ന

വിദ്യാലയം എന്റെ കൂട്ടുകാരൻ

ലോകത്തെ അറിയിച്ച,അറിവിന്റെ നിധിയായ്

മാറ്റിയെടുത്തന്റെ വിദ്യാലയം

ആ വാത്സല്യവും സ്നേഹവും നീതി

വിധ കാലം എന്നും ഓർമ്മിക്കുന്ന

നിമിഷ സാൻസ്



കഥ

# എന്റെ പ്രകൃതി

ആദ്യമായി ഞാൻ പുലരിയിൽ എന്റെ ആഗോള ഭൂമിയിൽ തൊട്ടു. അന്നു ഞാൻ കൺകുളിർക്കെ കണ്ടു പ്രകൃതിയമ്മയുടെ മനോഹാരിത. ആ സൗന്ദര്യം എന്നെ കുളിരണിയിപ്പിച്ചു. തന്റെ കൂടുകളിൽ നിന്ന് പാറി ആകാശത്തിലേക്ക് ഒരു കൂട്ടമായി പരന്നുയർന്നതും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും വാനിൽ അവരവരുടെ ആവശ്യങ്ങൾക്കു വേണ്ടി ഓടിനടക്കുന്ന കിളികളെ കാണാൻ എന്ത് രസമാണ്. പല ഇനത്തിലുള്ള മരങ്ങൾ നിറഞ്ഞു നില്ക്കുന്നു. എങ്ങും ഒരു ശാന്തത. അതിനെ കീറിമുറിച്ചുകൊണ്ട് ഒരു മധുരമായ ഗാനം ആലപിച്ചുകൊണ്ട് കുയിലുകൾ ലോകത്തിന് നന്മ ചെയ്യണമെന്ന സന്ദേശം നല്കുന്നു. ആ സൗന്ദര്യ മാധുരിയെ തൊട്ടറിഞ്ഞുകൊണ്ട് ഞാൻ അതിൽ ലയിച്ചു നിന്നു. കണ്ണുകൾ.... ചിമ്മാതെ..........................

റാണി മരിയ



# ഗാന്ധിസൂക്തങ്ങൾ

- പൂർണത ഈശ്വരനു മാത്രം യോജിക്കുന്ന ഒരു പദമാണ്.
- ആത്മവിശ്വാസമാണ് സ്വരാജ്യം .
- സത്യമാണ് നിർഭയത്തിന്റെ അടിസ്ഥാനം.
- എല്ലാ അറിവിന്റെയും ഏക ലക്ഷ്യം സ്വഭാവരൂപവൽകരണമാണ്.
- സ്നേഹമാണ് ജീവിതക്ലേശങ്ങളെ ലഘൂകരിക്കുന്നത്.
- ധീരന്റെ ആയുധമാണ് അഹിംസ.
- മാതൃഭാഷയെ സ്നേഹിക്കാത്തവന് മാതൃഭൂമിയെ സ്നേഹിക്കൻ കഴിയില്ല



**എലിസബത്ത് ജോർജ്**

➢

# പഴഞ്ചൊല്ലുകൾ

- മുളയിലറിയാം വിള
- നിലമറിഞ്ഞ് വിത്തിടണം
- ഉണ്ട ചോറിൽ മണ്ണിടുക
- പല തുള്ളി പെരുവെള്ളം
- കുളിച്ച കടവ് മറക്കരുത്
- കണ്ടാൽ നല്ലത്  തിന്നാനാകാ
- ഞാറുറച്ചാൽ ചൊറുറച്ചു
- അണ്ടികളഞ്ഞ അണ്ണാനെപ്പോലെ
- അന്നവിചാരം മുന്നവിചാരം
- തോണികടന്നാൽ  തുഴവേണ്ട



**അലീന ജോജി**

കഥ

# കടൽ



എലിസബത്ത് ജോർജ്

മുത്തച്ഛനൊപ്പം കടൽത്തീരത്തുകൂടി നടക്കാനിറങ്ങിയതാണ് അപ്പു.കടലിലേക്ക് മറയാൻ തയ്യാറായിരിക്കുന്ന സൂര്യൻ ആ പരിസരം മുഴുവൻ കുങ്കുമം വാരിവിതറിയിരിക്കുന്നു.കൂടണയാനൊരുങ്ങുന്ന കിളികൾ കടൽത്തീരത്തെ ശബ്ദമുഖരിതമാക്കി. "ഈ പ്രകൃതി എത്ര മനോഹരിയാണ്."അവൻ പറഞ്ഞു.ഓരോ കാൽവയ്പ്പുകളിലും തിരകൾ അവന്റെ പാദങ്ങളെ തലോടി ഓടി മറഞ്ഞു.ചിന്തയിൽ മുഴുകിയിരുന്ന അപ്പുവിനോട് മുത്തച്ഛൻ ചോദിച്ചു,"അപ്പു, നിനക്ക് കടല വേണോ?"കടലയും തിന്നുകൊണ്ട് മുത്തച്ഛന്റെ കൂടെനടക്കുമ്പോൾ മുത്തച്ഛൻ പറഞ്ഞു. ഈ കടൽ ഓരോ ദിവസവും കൂടുതൽ മനോഹരിയായിക്കൊണ്ടിരിക്കുന്നു.അത് അവനും തോന്നി.കാരണം അവർ ഇന്നലെ കണ്ടതിനേക്കാൾ കൂടുതൽ സൗന്ദര്യം ഇന്ന് ഈ കടലിനുണ്ടായിരുന്നു.

### കവിത

# പ്രസരിക്കുന്ന വെളിച്ചം

അഞ്ജന മരിയ റോയി



ആദ്യം തളിരിട്ടു പിന്നെ പൂവിട്ടു
എങ്ങും സുഗന്ദം പരത്തിതുടങ്ങി
എൻ അമ്മതൻ ഉദരത്തിൽ
ഉരുവായ നാൾ മുതൽ
എങ്ങും  സുഗന്ധം പരത്തി

തളിരിട്ടു തളിരിട്ടു പൂക്കുമെൻ
ചില്ലുകൾ എങ്ങോ വഴിയിൽ തടഞ്ഞു
എന്റെ ജീവന്റെ ജീവനാകാൻ
എന്നിൽ നിന്നും എൻ പ്രിയസഖി ഉരുവായി

എവിടെയോ നിലച്ചുപോയ എൻ സുഗന്ധം
വീണ്ടും കത്തിജ്വലിച്ചു
എരിയുമെൻ  ജീവിതം താങ്ങി സുഗന്ധംപരത്താൻ
എൻ പ്രിയ സഖി.... വന്നനാൾ മുതൽ
എൻ അമ്മയിൽ നിന്നും ലഭിച്ച

ആ സ്നേഹം അവളിലും നടനമാടി
എന്റെ ബാല്യക്കാലം എത്രയോ ദുഖാർത്തമായിരുന്നു.
ആ വഴി വീണ്ടുംഎൻ മനസ്സിലൂടെ
കടന്നു പോകുമ്പോൾ
എൻ മനം അറിയാതെ  പിടയുന്നു
ഇരുണ്ട  ലോകത്തിൽ അന്ധയായി ഞാൻ ജീവിച്ചു
ആ  വഴി വീണ്ടുമെൻ മനസ്സിലൂടെ
കടന്നു പോകുമ്പോൾ
എൻ  മനം അറിയാതെ പിടയുന്നു

ഇരുണ്ട ലോകത്തിൽ വെളിച്ചം ലഭിക്കാതെ
തപ്പിതടഞ്ഞു നടന്നു
എൻ കാൽകൾ  ഇടറി നിലം പതിച്ചു
ആ പടുകുഴിയിൽ  നിന്നും
പനിനീർ പോലുള്ള കൈകൾ നീട്ടി
സനേഹവും കരുതലും ഉറപ്പുവരുത്തി
എൻ പ്രിയ സഖി....
അവളെന്റെ പ്രിയ സഖി.....
അവളെന്റെ  ജിവന്റെ
വെളിച്ചം,പ്രകാശം,നന്മയും

കഥ

# ഒരു ധീര വനിതയുടെ കഥ



**ആൻമരിയ ജോമോൻ**

ഒരിടത്ത് മിന്നു എന്ന പെൺകുട്ടിയുണ്ടായിരുന്നു. പഠിക്കാനും കലാകായികത്തിനും വലിയ കഴിവായിരുന്നു. അതുകൊണ്ട്തന്നെ നാട്ടുകാരുടെയും വീട്ടുകാരുടെയും കണ്ണിലുണ്ണിയായിരുന്നു.അവൾ വളരെ സുന്ദരിയായിരുന്നു.ആരു കണ്ടാലും അവളുടെ സൗന്ദര്യത്തിൽ മതിമറന്നുപോകും.

അങ്ങനെയിരിക്കെ ആ നാട്ടിൽ ഒരു രോഗം പിടിപ്പെട്ടു.അത് ആ നാടിനെ കലുക്കി.എന്നാലും മിന്നു രോഗത്തെ വിട്ടുകൊടുത്തില്ല.അതിനുവേണ്ടി പോരാടുകയാണ് ചെയ്തത്.സൽസ്വഭാവികൂടിയായിരുന്നു.ചിരിയും തമാശയും

തങ്ങിനിന്നിടത്ത് ഏകാന്തതയും കരച്ചിലും.അവൾക്ക് അതൊന്നും താങ്ങാൻ സാധിച്ചില്ല.ഈ അവസ്ഥ കണ്ട് അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.മിന്നു ഒരു തീരുമാനമെടുത്തു.

"തന്റെ നാടിനുവേണ്ടി ഞാൻ കഠിനമായി പരിശ്രമിക്കും."

എന്ന ശുഭാപ്തിവിശ്യാസം അവളുടെ തോളിലേറ്റി.പിന്നീട് അവൾ എല്ലാവരെയും ശുശ്രൂഷിക്കുവാനും . മറ്റുള്ളവരുടെ സങ്കടത്തിൽ അലിഞ്ഞുചേരുവാനും തുടങ്ങി.അവിടെ ഒരുക്ലിനിക് സ്ഥാപിച്ചു.നാട്ടുകാരുടെരോഗംവിട്ടുമാറ്റികൊണ്ടിരുന്നു.എന്നാൽ അവളുടെ രോഗത്തിനുശമനമുണ്ടായില്ല.കൂടുതൽ വഷളാവുകയാണ് ചെയ്യുത്. അങ്ങനെ രോഗം കാർന്നു തിന്ന് മിന്നു മരിച്ചു. നാട്ടുകാർ അവളെ പുകഴ്ത്തി. ഞങ്ങൾക്കുവേണ്ടി ത്യാഗം സഹിച്ചകുട്ടിയാണ് മിന്നു.അവർ കൂട്ടത്തോടെ പൊട്ടിക്കരയാൻ തുടങ്ങി.

" മിന്നുവിന്റെ ശുഭാപ്തിവിശ്യാസത്തിൽ അവൾ ഉറച്ചു നിന്നു.

അതുപോലെ നമ്മുക്കും പിന്തുടരാം ശുഭാപ്തിവിശ്വാസത്തിൽ."

കവിത

# പ്രകൃതിയാണെന്നമ്മ...

ഹാ! പ്രകൃതി.......

എന്നമ്മയാണ്  നീ

നീ എത്ര മനോഹരി

ഭൂമി കനിഞ്ഞു നൽകിയ

പക്ഷേ, ഇപ്പോൾ

നീയുണ്ടോ അമ്മേ

നിന്നെതിരിച്ചറിയാൻ

കഴിയുന്നില്ലമ്മേ...

മരങ്ങൾവെട്ടി, കുന്നുകളിടിച്ച്

പ്രകൃതിയെനശിപ്പിച്ച

മനുഷ്യരെ നിങ്ങൾക്കു

ദുരിതം ദുരിതം ദുരിതം...

മരിയ റെജി



*നുറുങ്ങുകഥ*

# അഹങ്കാരിയായ കവി

അഖിത ലൂക്കോസ്



*ഒരിക്കൽ ഒരു അഹങ്കാരിയായകവി ഉണ്ടായിരുന്നു.അദ്ദേഹം ഒരു മുന്തിരി വിൽപ്പനക്കാരനെ കണ്ടു. താൻ വലിയ കവിആണ് എന്ന് അവനെ അറിയിക്കണം എന്ന് തീരുമാനിച്ചു. അഹങ്കാരനായ ആ കവി തന്റെ കൈയിൽ ഒരു മുന്തിരി എടുത്തിട്ട് പറഞ്ഞു.'ഈ മുന്തിരിപോലെയാണ് ഈ കാർമേഘം.ഈ മുന്തിരിപോലെയാണ് തന്റെ കണ്ണിലെ കൃഷ്ണമണികൾ. എന്നിങ്ങനെകുറെ കാര്യങ്ങൾ ആ മുന്തിരിക്കാരനെ പറഞ്ഞുകേൾപ്പിച്ചു.'എന്നിട്ട് കവി ചോദിച്ചു 'എങ്ങനെയുണ്ട് എന്റെ കവിത? ഇതേമട്ടിൽഈമുന്തിരിപോലെയുള്ള എന്തിനെയെങ്കിലും പറ്റി പറയാതെ തനിക്ക് പറ്റുമോ?*

*അതുകേട്ട് മുന്തിരിവിൽപ്പനക്കാരൻഒരു മുന്തിരി കൈയിലെടുത്ത് പറഞ്ഞു;ഈ മുന്തിരിപോലെയാണ് ഈ കുട്ടയിലെ മറ്റ് എല്ലാ മുന്തിരികളും. അത്രയും പറഞ്ഞ് അയാൾ മുന്തിരികുട്ടയുംകൊണ്ട് നടന്ന് മറഞ്ഞു.'കവി നാണിച്ചുതലതാഴ്ത്തി നിന്നു.*

*കഥ*

# അമ്മുവും അവളുടെ മാവും

**ഷാൽ മരിയ തോമസ**



അമ്മു വളരെ പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്.അവൾ നന്നായി പഠിക്കുമായിരുന്നു. അവൾ എല്ലാവിഷയത്തിനും നല്ല മാർക്ക് വാങ്ങിച്ചിരുന്നു. മിടുക്കിക്കുട്ടി, പഠിത്തത്തോടൊപ്പം തന്നെ അവൾക്ക് പൂന്തോട്ടവും ഉണ്ടായിരുന്നു. അവളുടെ അച്ഛൻ ഒരു മരം വെട്ടുക്കാരനായിരുന്നു. അവളുടം കൂട്ടുകാരായ അപ്പു, പൊന്നു, ഉണ്ണി എവരെല്ലാവരും അവധി ദിവസത്തിൽ അമ്മുവിന്റെ പൂന്തോട്ടത്തിൻ വന്നു കളിക്കും. അതുവഴി പാറുന്ന പൂമ്പാറ്റകളുടെയും തുമ്പികളുടെയും പുറകെപ്പോവുക. പേരമരത്തിൽ കയറി പേരയ്ക്ക പറിച്ചു തിന്നുക ഇവയെല്ലാം അവരുടെ വിനോദം. ഒരു ദിവസം സ്കൂൾ വിട്ടു വന്ന അമ്മു പതിവുപോലെ അവളുടെ പൂന്തോട്ടത്തിലേക്ക്പ്പോയി. അപ്പോൾ മാവിൻക്കൊമ്പിൽ ഒരു കുരുവി ഇരിക്കുന്നു. സന്തോഷത്തോടെ അവൾ അതിന്റെ അടുത്തു ചെന്നു. അപ്പോൾ അത് പറന്നു പോയി .അവൾ തിരിഞ്ഞു നടക്കാൻ തുടങ്ങിയപ്പോൾ അതിന്റെ അടുത്തു തന്നെ നിൽക്കുന്നക്കൊമ്പിൽ ഒരു കിളിക്കൂട് അവൾക്ക് സന്തോഷം അടക്കാനായില്ല. അവൾ തന്റെ അച്ഛനേയും അമ്മേയും കാണിച്ചു.

പക്ഷേ പപ്പയ്ക്ക് അതിൽ അധികം നോക്കാൻ കഴിഞ്ഞില്ല. കാരണം അയാളുടെ നോട്ടം ആ മാവിന്മേൽ ആയിരുന്നു. ഓ ഈ മാവ് ഇത്രയും വലുതായിരുന്നോ,നല്ല വണ്ണവും വച്ചല്ലോ അയാൾ ആ മാവിന്റെ അടുത്ത് ചെന്ന് ആ മാവിന്മേൽ കൈ കൊണ്ട് രണ്ട് തട്ട് തട്ടി എന്നിട്ട് പറഞ്ഞു  വിറ്റാൽ നല്ല പൈസകിട്ടുമെന്നാതോന്നുന്നെ. അമ്മു ഞെട്ടിപറഞ്ഞു വേണ്ട പപ്പ ഇത് വെട്ടണ്ട ഞാൻ ഇപ്പോൾ കാണിച്ചതുകൊണ്ടല്ലെ പപ്പ ഇത് കണ്ടത് ഇത് വെട്ടണ്ട പപ്പ.

പക്ഷെ അവളുടെ വാക്കൊന്നും അയാൾ കേട്ടില്ല. അയാൾ അടുത്ത ദിവസം തന്നെ തന്റെ കൂടെപ്പണിയെടുക്കുന്നവരെ കൂട്ടിക്കൊണ്ടു വന്നു. നിറയെ മാമ്പഴമുണ്ടാകുന്ന ആ മാവ് മുറിക്കാൻ അവളുടെ അമ്മയ്ക്കും കൂട്ടുക്കാർക്കും താൽപര്യമില്ലായിരുന്നു.

അവരാരും അന്ന് വീട്ടിൽ ഉണ്ടായിരുന്നില്ല. അമ്മുവും കൂട്ടുകാരും സ്കൂളിൽപ്പോയിരുന്നു.

അവളുടെ അമ്മ ജോലിക്കും.

സ്കൂളുവിട്ടു കുരുവിക്കൂട് കാണാൻ വന്ന അമ്മുവും കൂട്ടുകാരും ചെന്നപ്പോൾ മരം വെട്ടിയതിന്റെ കുറേ പൊടികൾ കടക്കുന്നു. അതിന്റെ കുറച്ചപ്പുറത്തായി ഒരു കുരുവിക്കൂടും അതിൽ നിന്നും വീണുപൊട്ടിയ മൂന്നു മുട്ടകളും കിടക്കുന്നുണ്ടായിരുന്നു. അവൾ ഓടിച്ചെന്ന് ആ കുരിവിക്കൂട് എടുത്തു നോക്കി പക്ഷേ അതിൽഒന്നും ഇല്ലായിരുന്നു ഒരു കുരുവിയുടെ കരച്ചിൽക്കേട്ട്

തിരിഞ്ഞുനോക്കിയപ്പോൾ അവൾ ഇന്നലെ കണ്ട ആ കുരുവി പലഭാഗങ്ങളിലുമായി തന്റെ കൂട്ടും കൂട്ടിലെ തന്റെ മുട്ടകളേയും പരതുന്നുണ്ടായിരുന്നും അവൾക്ക് സങ്കടം സഹിക്കാനായില്ല അവൾ ഓടി അമ്മയുടെ അടുത്തുചെന്ന്പോട്ടിക്കരഞ്ഞു. അമ്മയ്ക്കും വളരെ സങ്കടമായിരുന്നു കാരണം അമ്മു ജനിച്ചപ്പോൾ ആ അമ്മ വച്ചതായിരുന്നു അ മാവ്.

*അവളുടെ ക്ട്ടുകാർ വളരെ സങ്കടത്താടെ വീട്ടിലേക്ക് മടങ്ങി. അപ്പോൾ അവളുടെ അച്ഛൻ വന്നു. അവൾ കരഞ്ഞുക്കൊണ്ട് പറഞ്ഞു. എന്തിനാ അച്ഛൻ ആ മാവു മുരിച്ച്ത് അ കുഞ്ഞു കുരുവിയെയും എന്നെയും അച്ഛൻ വേതനിപ്പിച്ച. അതിലെ മാമ്പഴം തിന്നാൻ എന്ത് രുചിയായിരുന്നു. എല്ലാം കളഞ്ഞില്ലെ. അവൾ കരഞ്ഞു. അപ്പോൾ അയാൾക്ക് മനസ്സിലായി ആ മാവും അതിലെ കൂട്ടും മാങ്ങയും അമ്മുവിനും കൂട്ടുകാരിക്കും എത്ര പ്രിയപ്പെട്ടതായിരുന്നു എന്ന്. അതിൽ പിന്നെ അമ്മുവിന്റെ പപ്പ മരം മുറിച്ചിട്ടില്ല പകരം മരങ്ങളേയും മറ്റ് സസ്യങ്ങലേയും അമ്മുവിന്റെ പൂന്തോട്ടത്തേയും സ്നേഹിച്ചു തുടങ്ങി. മുറിച്ച കളഞ്ഞ ആ മാവിന് പകരം നല്ല ഒരു മാവ് നട്ടകയും ചേയ്യ്തു. അങ്ങനെ അമ്മുവും അവളുടെ അച്ഛനും, അമ്മയും അവരുടെ മരങ്ങളാലും പൂക്കളാലും ചുറ്റപ്പെട്ട ആ വീട്ടിൽ സന്തോഷത്തോടെ കഴിഞ്ഞു .*

കവിത

# എന്താണ് തെറ്റ്....



അമൃത ജെനി

ഒരു ഇംഗ്ലീഷ് ടീച്ചർ ഒരു തെറ്റ് ഉണ്ടാക്കിയാൽ
അത് ഒരു പുതിയ വാക്കാണ്
ഒരു ബാർബർ ഒരു തെറ്റ് ഉണ്ടാക്കിയാൽ
അത് ഒരു പുതിയ ഹെയർ സ്റ്റൈൽ ആണ്
ഒരു തയ്യൽക്കാരൻ ഒരു തെറ്റ് ചെയ്താൽ
അത് ഒരു പുതിയ ഫാഷനാണ്

ഒരു ശാസ്ത്രജ്ഞൻ ഒരു തെറ്റ് ചെയ്താൽ
അത് ഒരു പുതിയ കാണ്ടുപിടുത്തം ആണ്
ഒരു ഗണിതശാസ്ത്രജ്ഞൻ ഒരു തെറ്റുണ്ടാക്കിയാൽ
അത് ഒരു പുതിയ ഇക്വേഷൻ ആകും
ഒരു പാചകക്കാരൻ ഒരു തെറ്റ് ചെയ്താൽ

അത് ഒരു പുതിയ വിഭവമാണ്

പക്ഷേ  ഒരു കുട്ടി ഒരു തെറ്റ് ചെയ്താൽ

അത് എപ്പോഴും  ഒരു തെറ്റ്  ആയിരിക്കും......

*കവിത*

# മാതൃകയാണെൻ

## അമ്മ

എൻ  വീടിന്റെ ഐശ്വര്യം
എൻ  ശ്വാസത്തിൻ  നാളം
എൻ  സ്നേഹത്തിൻലാളനം
എൻ  ഉയർച്ചക്കടിസ്ഥാനം

ആ  മുഖം ഒന്നു കണ്ടാൽ
ആ മനോഹരമായ കൈകൾ-
കൊണ്ടു തലോടിയാൽ മതി
*അമ്മേ അവിടെന്റെ ഉയർച്ച*
*ആ സ്നേഹമെൻ ജീവന്റ*
ഓരോതുടിപ്പിനടിസ്ഥാനം
നീയാണമ്മേ  അനുഗ്രഹിക്കൂ.....
കനിയൂ.... അമ്മേ......

**മരിയാ റെജി**



കവിത

# എന്റെ മഴ

*മഴയെ....എൻ മഴയെ*

*നീ  എൻ ഉയിരായി വിതറുന്നു*

*എൻകുളിരെ ...എൻ കുളിരെ*

***എൻ ഹൃദയത്തു ടിപ്പിനായി നീ മാറുന്നു***

*അറിയതെ നീ അകലതെ*

*നിഎൻ അടുക്കൽ നിറയുന്നു*

*മഴത്തുള്ളിയായി വീഴമ്പോൾ*

*എൻ സങ്കൽപ്പത്തിൽ ഒരു താങ്ങാകുന്നു*

*കുളിരിലെ ആ മഴ*

*ആ മഴയാണ് എൻ സൗന്ദര്യം*



**-ക്രിസ്റ്റി മരിയ തോമസ്**

# ചിരിയും കരച്ചിലും

ചിരിയും കരച്ചിലും കൂട്ടുകാരായിരുന്നു.ഒരു ദിവസം കരച്ചിൽ നോക്കിയപ്പോൾ അതാ,ചിരി പൊട്ടിക്കരയുന്നു!' ങ്ങേ...നിയെന്തിനാ കരയുന്നത്?'കരച്ചിൽ ചോദിച്ചു.കണ്ണുനീർ തുടച്ച് ചിരി പറഞ്ഞു.'ചിരിച്ചുചിരിച്ചു മടുത്തടതുകൊണ്ടാ!'അതുകേട്ട് കരച്ചിൽ പൊട്ടിചിരിച്ചുപോയി.ചിരിച്ചു ക്ഷീണിച്ചതുകൊണ്ട് കരയുന്നവത്രേ നല്ല തമാശ!അന്നാദ്യമായാണ് ചിരി കരച്ചിൽ ചിരിക്കുന്നതു കാണുന്നത്.ചിരിക്കു സന്തോഷമായി.കരച്ചിലിനെയും ചിരിപ്പിക്കാൻ തനിക്കു കഴിഞ്ഞല്ലോ!അതോർത്ത് ചിരി വീണ്ടും ചിരിക്കാൻ തുടങ്ങി.അതോടെ  ചിരിക്ക് മനസ്സിലായി:തൻെറ ജോലി കരയുന്നവരെയും ചിരിപ്പിക്കലാണ് .അന്നുമുതൽ ചിരി ഒരിക്കലും കരഞ്ഞിട്ടില്ല.മാത്രമല്ല  കരയുന്നവരെ ചിരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

*അലീന പി  സി*



*മുത്തശ്ശിക്കഥ*

# അമ്മയുടെ വാത്സല്യം

*ഒരു ഗ്രാമത്തിൽ ഒരു ദരിദ്രരായ ഒരു അമ്മയും കുഞ്ഞും ഉണ്ടായിരുന്നു. അവളുടെ ഭർത്താവ് അവളേയും കുഞ്ഞിനേയും ഉപേക്ഷിച്ച് പോയതാണ്. ഒരു ദിവസം ആ അമ്മ കഞ്ഞി ഉണ്ടാക്കാൻ തയ്യാറെടുക്കുകയായിരുന്നു. അപ്പോൾ അരി കഴുകി*

*അടുപ്പിൽ ഇടാൻ വെള്ളം ഇല്ലായിരുന്നു. ദാരിദ്രമായതിനാൽ കയ്യിൽ പൈസയും ഇല്ലായിരുന്നു. അപ്പോൾ അവൾ കുഞ്ഞിനെ*

*നിലത്തുകിടത്തി ഉറക്കിയിട്ട് വെള്ളം കോരാൻ ദൂരെ എവിടെയോ*

*പോയി. ആ സമയം നിലത്തു കിടന്ന കുഞ്ഞിന്റെ അടുത്ത് ഒരു മൂർഖൻ പാമ്പ് ഇഴഞ്ഞു വരുന്നുണ്ടായിരുന്നു. അപ്പോൾ പുറത്ത് ഒരു കീരി കിടപ്പുണ്ടായിരുന്നു. വീടിനു പുറത്തുനിന്നിരുന്ന കീരി ഈ പാമ്പിനെ കണ്ടു. കീരി ഓടി അകത്തുചെന്ന് ആ പാമ്പിനെ കടിച്ചു. പാമ്പ് കീരിയെ ഒന്നുകൊത്തി. അവസാനം രണ്ട് പേരും കടിപിടിയായി.*

പാമ്പിനെ കീരി കൊന്നു. തന്റെ വീടിന്റെ അകത്ത് ഒരു വലിയ ശബ്ദം കേട്ട് ഓടിയെത്തുകയാണ് അമ്മ. അവൾ ഒരു കീരിയെ വളർത്തുന്നുണ്ടായിരുന്നു. ഉറങ്ങികിടക്കുന്ന കുഞ്ഞിന്റെ അടുത്ത് ചത്തുകിടക്കുന്ന പാമ്പിനെ അവൾ കണ്ടു പേടിച്ചു. അവളുടെ കൈയിലിരുന്ന മൺകലം താഴെക്കിട്ട് ഓടിച്ചെന്ന് കുഞ്ഞിനെ എടുത്ത് ഉമ്മവെച്ചു. അവൾക്ക് മനസ്സിലായി കീരിയാണ് തന്റെ കുഞ്ഞിനെ രക്ഷിച്ചതെന്ന്. പാമ്പ് കൊത്തിയതിനാൽ വിഷം ഉള്ളിൽ ചെന്നതിനാൽ കീരി മരിച്ചിരുന്നു.

സമ്പാദിച്ചത്

ആരണ്യ സുരേഷ്



# അനാഥാലയത്തിലെ കുട്ടി

ആൻ മരിയ ദീജു



കുറേ നാളുകൾക്ക് മുൻപ് വളരേ ദാരിദ്ര്യമുള്ള രണ്ട് ദമ്പതിമാരുണ്ടായിരുന്നു. അവരുടെ കല്യാണം കഴിഞ്ഞ് രണ്ട് വർഷം കഴിഞ്ഞാണ് അവർക്ക് കടിഞ്ഞൂൽപുത്രൻ ജനിച്ചത്. ഈ കുഞ്ഞ് ഉണ്ടായിട്ട് മൂന്ന് മാസം കഴിഞ്ഞപ്പോഴേക്കും ആ കുഞ്ഞിന്റെ മാതാപിതാക്കൾ ഒരപകടത്തിൽ മരിച്ചുപോയി. പിന്നെ മുതൽ ആ കുഞ്ഞ് അനാഥാലയത്തിലാണ് വളർന്നതും പഠിച്ചതുമെല്ലാം.അവിടെയുള്ളവർ ഈ കുഞ്ഞിന് പ്രിൻസ് എന്ന പേര് നല്കി. അവിടെയുള്ള കുറച്ച്പേർ ഇവനെ വല്ലാതെ ഉപദ്രവിക്കുകയും വഴക്കുണ്ടാക്കുകയും ചെയ്യുവായിരുന്നു. അങ്ങനെ ഒരു രാത്രി ഇവൻ അവിടെ നിന്നും തെരുവിലേക്കിറങ്ങി.

ഇവന് ഇടാനായിട്ട് ഒന്നും ഇല്ലായിരുന്നു.ആരുടേയും ഒരു സഹായം പോലും ഇല്ലാതെ ആ കുഞ്ഞ് തെരുവിൽ അലഞ്ഞു തിരിഞ്ഞു. വളരെ ദാനശീലനും കരുണയുമുള്ള ഒരു കോച്ച് കുറച്ച് നാളായിട്ട് ഇവനെ തന്നെ ശ്രദ്ധിക്കുകയായിരുന്നു. അങ്ങനെ ഒരു ദിവസം ഈ കൊച്ച് തന്റെ അമ്മയെയും അച്ചനേയും വിളിച്ചുകൊണ്ടു വന്നിട്ട് ഈ

പ്രിൻസിനെ കാണിച്ചുകൊടുത്തു. ഈ മാതാപിതാക്കൾക്ക് പ്രിൻസിനെ കണ്ടപ്പൊൾ വളരെ സങ്കടം തോന്നി. അങ്ങനെ ഇവർ ഇവരുടെ വീടിനടുത്തുള്ള ഒരു അനാഥാലയത്തിൽ പ്രിൻസിനെ ആക്കി. ഇതൊക്കെ കണ്ടപ്പോൾ പ്രിൻസിന് വളരെ സന്തോഷം തോന്നി. അന്നുമുതത് ആ അനാഥാലയത്തിൽ വളരെ സന്തുഷ്ടവാൻ പ്രിൻസായിരുന്നു.

ഗുണപാഠം : പ്രത്യാശയുള്ളവരായി
നമ്മൾ മാറണം.

*കവിത*

# കണിക്കൊന്നയോ നേരത്തെ പൂത്തത്

എന്തു നീ നേരേത്തെ പൂത്തു കണിക്കൊന്നെ
വിഷുവിന് വീണ്ടും നീ എത്തുകില്ലെ
കണ്ണനുണ്ടങ്കിലും കണി വെള്ളിരി ഉണ്ടേലും
കൊന്നപ്പൂ ഇല്ലെ എന്തു കണി
മഞ്ഞപ്പട്ടുടുത്ത കാർമുഖിൽ വർണ്ണന്റെ ചാരത്തു
കണിക്കൊന്നെ നീയും വേണം
കണി കാണാൻ ഉണരുമ്പോൾ കരളിൽ
കുളിരേകുവാൻ കണിക്കൊന്ന
പൂവെ നീ മുന്നിൽ വെണം

**ആൻമരിയ സേർട്ടിൻ**



# ഹരി തന്റെ തെറ്റ് തിരുത്തി

*ലെയാ ടോമി*



ഒരിടത്ത് രണ്ട് കുട്ടികൾ ഉണ്ടായിരുന്നു. ഹരിയും, ഉണ്ണിയും. ഇവർസഹോദരൻ മാരായിര്ന്നു. ഉണ്ണി ഒരു പാവം കുട്ടിയാണ്. മുതിർന്നവരോട്നല്ല ബഹുമാനവും അനുസരണയും ഉണ്ടായിരുന്നു. പക്ഷേ, ഹരി അങ്ങനെയല്ലായിരുന്നു. ഒരിക്കൽ അമ്മ ഹരിയോടും ഉണ്ണിയോടും പറഞ്ഞു കാട്ടിൽ ചെന്ന് വിറകു പിറക്കാൻ, രണ്ടാളും കാട്ടിൽ പോയി.വിറകുശേഖരിക്കാൻ ഹരി കൂട്ടാക്കിയില്ല. ഉണ്ണി വിറകു മുഴുവൻ ശേഖരിച്ചുവീട്ടിലെത്തിച്ചു.മടിയനായ ഹരിയെ അമ്മ ധാരാളം വഴക്കു പറഞ്ഞു .ഹരിക്കു ഉണ്ണിയോടു ദേഷ്യമായി. അങ്ങനെയിരിക്കെ ഒരിക്കൽ ഉണ്ണി തന്റെ ഹോം വർക്ക് ചെയ്യുകയായിരുന്നു. ഹരി അത് കാണുന്നുണ്ടായിരുന്നു. ഉണ്ണി ഹോം വർക്ക് ചെയ്ത് ബുക്ക് ബാഗിൽ വെച്ചു. ഹരി അതെല്ലാം എടുത്ത് കീറികളഞ്ഞിരുന്നു. ബുക്ക് എടുത്ത് നോക്കിയ ടീച്ചർ ഉണ്ണിയെ നന്നായി വഴക്കുപറഞ്ഞു. വീട്ടിൽ

വിഷമിച്ചെത്തിയ ഉണ്ണിയോടു അമ്മ കാര്യം തിരക്കി. അവൻ

നടന്നതെല്ലാം അമ്മയോടു പറഞ്ഞു. ഹരിയാണ് ഇത് ചെയ്തതെന്ന് അമ്മ കണ്ടെത്തി. അവനെ ശിക്ഷിച്ചു. ഹരി നന്നാകാൻ തീരുമാനിച്ചു . പിന്നീട് അവർ നല്ല കൂട്ടുകാരായി മാറി.

നറുങ്ങുകഥ

# കാളകളും ഉടമകളും

അഖിത ലൂക്കോസ്



ഒരിക്കൽ രാമു എന്നൊരാൾ രണ്ട് കാളകളെയും കൊണ്ട് പോവുകയായിരുന്നു.വഴിക്ക് വെച്ച് ദാഹം തീർക്കാനായി അയാൾ ഒരു അരുവിയിലിറങ്ങി.

ഈ തക്കത്തിന് ഒരു കള്ളൻ കാളകളെയും കൊണ്ട് ഓടിപോയി. ഇത് കണ്ട രാമു അയാളുടെ പിന്നാലെ ഓടി.പക്ഷേ അയാൾ കാളകൾ തന്റേതാണെന്ന് പറഞ്ഞു.അതോടെ അവർ തമ്മിൽ തർക്കമായി.ഒടുവിൽ അവർ ഗ്രാമത്തലവന്റെ അടുത്ത് എത്തി.ബുദ്ധിമാനായ ഗ്രാമത്തലവൻ ഒരു സൂത്രം പ്രയോഗിച്ചു. കാളകൾക്ക് കഴിക്കാൻ ഇന്നെന്ത് കൊടുത്തു? കഞ്ഞിയും പയറുമെന്ന് കള്ളനും പുല്ലെന്നും രാമുവും.കാളകളുടെ വായ പരിശോധിച്ച ഗ്രാമത്തലവന് പുല്ലിന്റെ കഷണമാണ് കിട്ടിയത്. കാര്യം മനസ്സിലായ ഗ്രാമത്തലവൻ കാളകളെ രാമുവിന് കൊടുത്തു. ഹാവൂ രക്ഷപ്പെട്ടു. രാമു കാളകളെയും കൊണ്ട് വയലിലേക്ക് പോയി.കള്ളന് തക്ക ശിക്ഷയും കിട്ടി.

കവിത

# അറിവിന്റെ ഗുരുനാഥൻ

മരിയ റെജി



അറിവിൻ വെളിച്ചം
പകരുമെൻ ഗുരുനാഥൻ
എൻ ഉയർച്ചക്കുവേണ്ടി
എന്നെ പഠിപ്പിക്കുന്ന ഗുരുനാഥൻ
ഓരോ അക്ഷരത്തിലും
അതിന്റെ അർത്ഥം മനസ്സിലാക്കി
കടന്നുപോയ വഴികൾ
മറക്കരുത് എന്ന് എന്നുമെന്നും പറഞ്ഞു
തരുമെൻ ഗുരുനാഥൻ.
ആ ഗുരുനാഥനെ വന്ദിക്കും ഞാൻ
*അനുഗ്രഹിക്കൂ.....എന്നെ....*

# നന്ദി